ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ അവശ്യവസ്തുക്കളുടെ 2011 ജനുവരിയിലേയും നിലവിലേയും സബ്സിഡി നോൺ സബ്സിഡി വിലകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

അരിയുടെ ആളോഹരി ഉപഭോഗം

225(3150) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ആളോഹരി ഉപഭോഗം അനുസരിച്ച് പ്രതിവർഷം എത്ര ടൺ അരി ആവശ്യമായി വരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(സി) റേഷനിംഗിനായി കേന്ദ്രം പ്രതിവർഷം എത്ര ടൺ അരി സംസ്ഥാനത്തിന് നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്നും മറ്റും പ്രതിവർഷം എത്ര ടൺ അരി കേരളത്തിലെത്തുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെ കണക്കനുസരിച്ച് ഒരു വ്യക്തിയുടെ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ ഉപഭോഗം 13.8 കിലോഗ്രാം ആണ്. ആയത് പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 55,31,040 മെ.ടൺ ഭക്ഷ്യധാന്യം ആവശ്യമായി വരുന്നു.

(ബി) 2013-14-ലെ കണക്കനുസരിച്ച് 5,64,325 ടൺ അരി സംസ്ഥാനത്ത് ഉല്പാദിപ്പിച്ചു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ 13,46,663 ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായി.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

*ലൈബ്രറിയിൽവെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly